"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.തോംസൺ ബി. മാമൂട്ടിൽ-ന് പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1138/2026/LSGD തീയതി,തിരുവനന്തപുരം, 19-06-2026

---

പരാമർശം:-
1. ശ്രീ. തോംസൺ ബി. മാമൂട്ടിൽ സമർപ്പിച്ച **05.06.2026** തീയതിയിലെ അവധി അപേക്ഷ.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **07/05/2026, 14/06/2026** തിയതികളിലെ **LSGD/PD/12166/2026-DEA2** നമ്പർ കത്തുകൾ.
3. കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ **06.06.2026** ലെ **LSGD/JD/KKD/2620/2026-B5** നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പിൽ കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. തോംസൺ ബി. മാമൂട്ടിൽ-ന് **PHOTON IAS** അക്കാദമിയിൽ **UPSC CSE** പരിശീലനത്തിനായി **01.06.2026** മുതൽ **01.06.2028** വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന ടിയാന്റെ പരാമർശം (1) അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

[2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. തോംസൺ ബി. മാമൂട്ടിൽ **01.06.2026** മുതൽ **01.06.2028** വരെ ശൂന്യവേതന അവധി അനുവദിക്കുന്നതിനായി അപേക്ഷ നൽകിയെങ്കിലും ടിയാൻ നാളിതുവരെയും അവധിയിൽ പ്രവേശിച്ചിട്ടില്ല എന്ന തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ജോയിന്റ് ഡയറക്ടറുടെ പരാമർശം (3) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് തീയതിക്ക് ശേഷം ടിയാൾ അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ **01.06.2028** വരെ കെ.എസ്.ആർ., ഭാഗം 1, അനുബന്ധം **XII-B** യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ശൂന്യവേതനാവധിയിൽ തുടരുന്ന കാലയളവ് സീനിയോറിറ്റി, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, സ്ഥാനക്കയറ്റം, ഗ്രാറ്റുവിറ്റി, പെൻഷൻ, ആർജ്ജിതാവധി മുതലായവ ഉൾപ്പടെയുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

[3] അവധി സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന്റെ സേവനപുസ്തകത്തിൽ

നിയമനാധികാരി രേഖപ്പെടുത്തേണ്ടതും, ടിയാന്റെ സേവനകാര്യത്തിൽ **KSR** ഭാഗം **I** അനുബന്ധം **XII-B** യിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കുന്നുണ്ടെന്നുള്ള കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.തോംസൺ ബി. മാമൂട്ടിൽ, സെക്രട്ടറി, ഒഞ്ചിയം ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.(*പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന*)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. *ഇപിബി1/127/2026/തസ്വഭവ.*)

ഉത്തരവിൻ പ്രകാരം
Signed by
Riju M Das
Date: 19-06-2026 13:13:47
സെക്ഷൻ ഓഫീസർ